# കേന്ദ്ര വിദേശകാര്യ വകുപ്പ് മന്ത്രിയും യു എസ് സ്റ്റേറ്റ് സെക്രട്ടറിയും മൌന്ട്രോയില് വച്ച് കൂടിക്കാഴ്ച നടത്തി

ജനുവരി 22, 2014

മൌന്ട്രോയില് നടന്ന സിറിയയെക്കുറിച്ചുള്ള ജനീവ രണ്ട് സമ്മേളനത്തിന്റെ ഭാഗമായി കേന്ദ്ര വിദേശകാര്യ വകുപ്പ് മന്ത്രി ശ്രീ സല്മാന് ഖുര്ഷിദും യുഎസ് സ്റ്റേറ്റ് സെക്രട്ടറി ആദരണീയനായ ശ്രീ ജോണ് കെറിയും തമ്മില് കണ്ടു. ഒരു ഉഭയകക്ഷി ചര്ച്ച ജനുവരി 22 നു (ജനുവരി 22, 2014) അവര് നടത്തുകയുണ്ടായി. ഇന്ത്യ- അമേരിക്ക ബന്ധങ്ങളില് അടുത്തയിടെ ഉണ്ടായ സംഭവവികാസങ്ങള് രണ്ടു മന്ത്രിമാരും അവലോകനം ചെയ്തു. ഇരു രാജ്യങ്ങള്ക്കും ഉഭയകക്ഷി ബന്ധം വളരെ പ്രധാനപ്പെട്ടതാണ് എന്നു അവര് രണ്ടു പേരും സമ്മതിച്ചു. ഇന്ത്യ- യുഎസ് ഊര്ജ പ്രഭാഷണത്തിന് വേണ്ടി യുഎസ് ഊര്ജ സെക്രട്ടറി മോണിസിന്റെ ഇന്ത്യാ സന്ദര്ശനം ,യുഎസ് ഫുഡ് ആന്ഡ് ഡ്രഗ് അഡ്മിനിസ്ട്രേഷന് കമ്മീഷണര് ഡോ. മാര്ഗരറ്റ് ഹാംബര്ഗിന്റെ സന്ദര്ശനം എന്നിവ ഉള്പ്പെടെയുള്ള ഉഭയകക്ഷി വിനിമയത്തിനുള്ള പരസ്പര സമ്മതമുള്ള കലണ്ടര് എത്രയും പെട്ടെന്നു ലക്ഷ്യപ്രാപ്തിയിലേക്ക് എത്തുവാനായി ഇരു വിഭാഗവും പ്രതീക്ഷയോടെ കാക്കുന്നു. ഇന്ത്യയും യുഎസും തമ്മില് ഇപ്പോള് നടന്നു കൊണ്ടിരിക്കുന്ന പ്രതിരോധ സഹകരണത്തെക്കുറിച്ചും പ്രതിപാദിക്കുകയുണ്ടായി. അടുത്തകാലത്തു ന്യൂയോര്ക്കില് നടന്ന ഇന്ത്യയുടെ നയതന്ത്ര ഉദ്യോഗസ്ഥയുടെ അറസ്റ്റ് ഉള്പ്പെടെയുള്ള സംഭവങ്ങള് കണക്കിലെടുത്തു ഇരു രാജ്യങ്ങളിലേയും നയതന്ത്രപ്രതിനിധികളുടെ അവകാശങ്ങള്, പരിരക്ഷ എന്നിവയുമായി ബന്ധപ്പെട്ടുള്ള ഇനിയും തീരുമാനിക്കപ്പെടാത്ത വിഷയങ്ങളില് ശ്രദ്ധ കൊടുക്കുന്നതിനും സമയബന്ധിതമായി അവ പരിഹരിച്ച് നടപ്പാക്കുന്നതിനും അധികാരനിയുക്തമായ സൌകര്യങ്ങള് ആവശ്യമാണെന്ന് കേന്ദ്ര മന്ത്രിയും സ്റ്റേറ്റ്

സെക്രട്ടറിയും  തിരിച്ചറിഞ്ഞു. ഇന്ത്യയിലെ യുഎസ് നയതന്ത്ര കാര്യാലയത്തില് ഇന്ത്യക്കാര്ക്ക് ട്രാഫിക്കിംഗ് വിസ അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഇന്ത്യയുടെ ഉത്കണ്ഠ കേന്ദ്ര വിദേശകാര്യ മന്ത്രി അടിവരയിട്ടു പറഞ്ഞു .

ഈ വിഷയങ്ങളില് ഉണ്ടാകുന്ന പുരോഗതി അറിയുന്നതിനായി പരസ്പരം സമ്പര്ക്കത്തില് തുടരാമെന്ന് ഇരു മന്ത്രിമാരും തീരുമാനിച്ചു .

**മൌന്ത്രോ**
**ജനുവരി 22, 2014**